ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 310-ാം ദിവസം

യഥാ ശയാന: പുരുഷോ മനസൈവാത്മ മായയാ
സൃഷ്ട്വാ ലോകം പരം സ്വാപ്നമനുവിശ്യാവഭാസതേ (10-86-45)

*ശുകമുനി തുടർന്നു:*
തന്റെ മുത്തശ്ശനും മുത്തശ്ശിയും തമ്മിൽ എങ്ങിനെയാണ് വിവാഹിതരായതെന്ന് പരീക്ഷിത്ത് ചോദിച്ചതിനുത്തരമായി ശുകമുനി പറഞ്ഞു. "നിങ്ങളുടെ മുത്തശ്ശൻ അർജ്ജുനൻ തീർത്ഥാടനത്തിനായി പ്രഭാസത്തിൽ പോവുമ്പോഴാണ് സ്വന്തം അമ്മാവന്റെ മകളായ സുഭദ്രയെപ്പറ്റി കേൾക്കുന്നത്. ബലരാമന്, അവളെ ദുര്യോധനനു നൽകണമെന്നുണ്ടായിരുന്നു എന്നാണ് കേട്ടു കേൾവി. അർജ്ജുനൻ ഒരു സന്യാസി വേഷത്തിൽ നഗരത്തിൽ പ്രവേശിച്ചു. നഗരവാസികൾ ഐശ്വര്യവാനായ സന്യാസിയെ സഹർഷം സ്വീകരിച്ചാദരിച്ചു. ആചാരമനുസരിച്ച് മഴക്കാലമായ (ചാതുർമാസ്യം) നാലുമാസക്കാലം അവിടെ കഴിഞ്ഞു കൂടാൻ അദ്ദേഹം തീർച്ചയാക്കി. ബലരാമനും സന്യാസിയെ ആളറിയാതെ വിളിച്ച് കൊട്ടാരത്തിൽ താമസിപ്പിക്കുകയും ചെയ്തു. അർജ്ജുനൻ സുഭദ്രയെക്കണ്ട് അനുരാഗത്തിലായി. അവളും അർജ്ജുനനിൽ അനുരക്തയായി. ഉഭയസമ്മതപ്രകാരം മുതിർന്നവരുടെ അനുഗ്രഹവും വാങ്ങി ക്ഷേത്രപൂജക്ക് പോയ സുഭദ്രയെ അർജ്ജുനൻ ഒരു തേരിലേറി വന്ന് കയറ്റിക്കൊണ്ടു പോയി. കൃഷ്ണനും കൂട്ടരും ബലരാമനെ സമാധാനിപ്പിച്ചു. അവസാനം അദ്ദേഹവും വിവാഹത്തിനു സമ്മതിച്ചു. മാത്രമല്ലാ വിലയേറിയ അനവധി സമ്മാനങ്ങളും നൽകി.

അക്കാലത്ത് മിഥിലയിൽ ശ്രുതദേവനെന്ന് പേരായ ഒരു ദിവ്യബ്രാഹ്മണൻ ജീവിച്ചിരുന്നു. അദ്ദേഹം സർവ്വാത്മനാ കൃഷ്ണഭക്തനായിരുന്നു. മിഥിലാരാജനും കൃഷ്ണഭക്തനായിരുന്നു. ഞാനടക്കം കുറെ മുനിമാരുമൊത്ത് അവരെ അനുഗ്രഹിക്കാനായി കൃഷ്ണൻ മിഥിലയ്ക്ക് പുറപ്പെട്ടു. മഹാരാജാവ് ബഹുലാസ്വനും ബ്രാഹ്മണൻ ശ്രുതദേവനും ഹർഷോൻമാദത്തിലായിരുന്നു. ഭഗവാൻ രണ്ടു പേരുടെ വസതികളിലും ഒരേ സമയം സന്ദർശനം നടത്തി. കൊട്ടാരത്തിൽ രാജാവ് കൃഷ്ണനെ സർവ്വചരാചരങ്ങളുടെയും ആത്മസത്തയായിത്തന്നെ സ്വാഗതം ചെയ്തു. ഭഗവാൻ ഒരിക്കൽകൂടി തനിക്കേറ്റവും പ്രിയപ്പെട്ടത് - സഹോദരനേക്കാളും സഹോദരിയേക്കാളും - തന്റെ ഭക്തരാണെന്ന് വെളിവാക്കി (ശ്രീരാമചന്ദ്രനും ഇതു പറഞ്ഞിട്ടുണ്ട്). ബ്രാഹ്മണഗൃഹത്തിൽ ശ്രുതദേവനും ഭാര്യയും ഹർഷപുളകിതരായി കൃഷ്ണനേയും മാമുനിമാരേയും എതിരേറ്റു.

*ശ്രുതദേവൻ പറഞ്ഞു*
അജ്ഞാനികൾ അവിടുത്തെ അവരുടെ ഹൃദയങ്ങളിലെ നിത്യസഹചാരിയായ ആത്മാവായി കണക്കാക്കുന്നില്ല. അവിടുന്നാണുൺമ. ഉറങ്ങുന്ന ഒരുവൻ സ്വപ്നത്തിലൂടെ സ്വന്തം ലോകങ്ങൾ മനസ്സിൽ എപ്രകാരം സൃഷ്ടിച്ച് അതിൽ പ്രവേശിച്ച്, അതിനെപ്പറ്റി ബോധവാനാകുന്നുവോ അപ്രകാരം അവിടുന്നീ വിശ്വം മുഴുവൻ സൃഷ്ടിക്കുന്നു. അതിൽ പ്രവേശിക്കുകയും ചെയ്യുന്നു.

*ശ്രീകൃഷ്ണൻ അരുളി:*
ഈ മാമുനിമാർ നിങ്ങളെ സന്ദർശിച്ചത് നിങ്ങളെ അനുഗ്രഹിക്കുവാൻ മാത്രമാണ്. തീർച്ചയായും മാമുനിമാർ ലോകം ചുറ്റുന്നത് ഈ സദുദ്ദേശത്തോടെ മാത്രമാണ്. അവരുടെ പാദധൂളി ഭൂമിയെ ശുദ്ധീകരിക്കുന്നു. ഈശ്വരബിംബങ്ങൾ, ദിവ്യസ്ഥലങ്ങൾ, ദിവ്യനദികൾ, തടാകങ്ങൾ എന്നിവ ഏറെക്കാലം അവയെ ആശ്രയിക്കുന്ന ഭക്തനെ സംശുദ്ധീകരിക്കുന്നു. അവരുടെ ഈ ശക്തിയും ഈ ദിവ്യമാമുനിമാരിൽ നിന്നാണവരാർജ്ജിക്കുന്നത്. എന്റെ ഈ ശരീരമടക്കം ഒന്നുംതന്നെ എനിക്ക് ഈ ദിവ്യർഷികളെക്കാൾ പ്രിയപ്പെട്ടതല്ല. എന്റെ ബിംബങ്ങളെയും മറ്റും പൂജിക്കുന്നവർക്ക് വഴിപിഴച്ച അറിവാണുള്ളത്. അസൂയ കൊണ്ട് അവർ മാമുനിമാരെ പൂജിക്കുന്നുമില്ല. അതുകൊണ്ട് ശ്രുതദേവാ, അവരെ പൂജിച്ചാലും.

മഹാരാജാവ് ബഹുലാസ്വനും ശ്രുതദേവബ്രാഹ്മണനും ബോധോദയം ലഭിച്ചു.